പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2359 15.07.2011-ൽ മറുപടിയ്ക്ക്

## ബേക്കൽ ടൂറിസം - പുതിയ പാർക്ക് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) നിലവിലുള്ള ബേക്കൽ ടൂറിസം പാർക്കിനടുത്തായി ബി.ആർ.ഡി.സിയുടെ സ്ഥലത്ത് പുതിയ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇത് ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്, വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പാർക്ക് നിർമ്മിക്കുന്നത്. കാസർഗോഡ് ജില്ലയിലെ ബേക്കൽ ബീച്ചിന്റെ വികസന പ്രവർത്തിക്ക് വേണ്ടി സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ 814/- ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഷോപ്പുകൾ, ഫുഡ് കിയോസ്കുകൾ, ടിക്കറ്റ് കൗണ്ടർ, ആംഫി തിയേറ്റർ, ടോയ്‌ലറ്റുകൾ, ലാന്റ് സ്കേപ്പിംഗ്, റെയിൻ ഷെൽറ്റർ, നടപ്പാത എന്നിവയൊക്കെയാണ് പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്നത്. |

സി) പ്രസ്തുത പദ്ധതി ഇതുവരെ പൂർത്തിയാക്കിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) ഉണ്ട്.

ഡി) എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

ഡി) പ്രവർത്തി പുരോഗമിക്കുന്നതിനിടെ കടൽത്തീരത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ CRZ-III ന്റെ പരിധിയിൽ വരുന്നതിനാൽ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നിർത്തിവയ്ക്കാൻ പള്ളിക്കര ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതിൻ പ്രകാരം സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർത്തിവയ്ക്കുകയുണ്ടായി.

ഇ) തടസ്സങ്ങൾ നീക്കി പ്രസ്തുത പാർക്ക് എസ്റ്റിമേറ്റിൽ സൂചിപ്പിച്ച പ്രകാരം പൂർത്തിയാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഇ) CRZ - ന്റെ നിയന്ത്രണം നിലനിൽക്കുന്നതിനാലാണ് പ്രവർത്തി പൂർത്തിയാക്കാൻ കഴിയാത്തത്.

സെക്ഷൻ ഓഫീസർ